**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1301** **04/02/2019-ൽ മറുപടിയ്ക്ക്**

**എൽ.പി.എസ്.എ.(മലയാളം) തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ | | പ്രൊഫ: സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം ജില്ല എൽ.പി.എസ്.എ. (മലയാളം) തസ്തികയിലെ 169 വേക്കൻസികൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10.08.2018-ലെ ഒ.എ. 1924/16 പ്രകാരം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ഉത്തരവായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ടി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ 17.10.2018, 05.01.2018 തീയതികളിൽ എ 5/56097/18 ഡി.പി.ഐ നമ്പർ ഉത്തരവിലൂടെ അടിയന്തരമായി പി.എസ്.സിക്ക് വേക്കൻസി റിപ്പോർട്ട് ചെയ്യാൻ തിരുവനന്തപുരം ഡി.ഡി.ഇ.യോട് ആവശ്യപ്പെട്ടിട്ടും നാളിതുവരെ വേക്കൻസി റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധിച്ചിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽ വന്നിട്ടുണ്ട്. |
| സി) | ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും ബഹു. ഹൈക്കോടതിയുടെയും ഉത്തരവ് ഉണ്ടായിട്ടും വേക്കൻസി റിപ്പോർട്ട് ചെയ്യാത്ത നടപടി സംബന്ധിച്ച് ദൃശ്യമാധ്യമങ്ങളിൽ സർക്കാരിനെതിരായ രീതിയിൽ വാർത്തകൾ വന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കോടതി ഉത്തരവ് ഉണ്ടായിട്ടും അന്യായമായ കാരണങ്ങൾ നിരത്തി വേക്കൻസി റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ